**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4886** 26.06.2019 -ൽ മറുപടിയ്ക്ക്

**വഖഫ് ബോർഡ് വഴി നൽകുന്ന ധനസഹായങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.പി.ഉബൈദുള്ള : | ശ്രീ.കെ.ടി.ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) | വഖഫ് ബോർഡ് വഴി നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏതെല്ലാമെന്നും അവയ്ക്ക് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങളും വിശദീകരിക്കാമോ; | (എ) 60 വയസ് കഴിഞ്ഞ പള്ളി ഇമാം, മുദ്‌രിസ്, മദ്രസ്സാദ്ധ്യാപകർ, ഖാദിം എന്നിവർക്കുള്ള പ്രതിമാസ പെൻഷൻ, മാരക രോഗ ചികിൽസാസഹായം വിവാഹ ധനസഹായം, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇസ്ലാമിക് ചെയറിനുള്ള ഗ്രാന്റ്, അനാഥാലയങ്ങളിലെ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വിവാഹമോചിതരായ സ്ത്രീകൾക്ക് ഗ്രാന്റ് എന്നീ സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് വഖഫ് ബോർഡ് വഴി നടപ്പിലാക്കി വരുന്നത്.<br><br><u>അപേക്ഷിക്കുന്നതിനുള്ള നടപടി ക്രമം</u><br><br>**<u>പെൻഷൻ:-</u>** 60 വയസ് കഴിഞ്ഞ, ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനത്തിൽ 10 വർഷം സർവ്വീസുള്ളതുമായ 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.<br>**<u>ചികിത്സ:-</u>** ബോർഡിൽ രജിസ്റ്റർ ചെയ്ത മഹല്ലിലെ അംഗവും 50,000/- രൂപയിൽ താഴെ വരുമാനമുള്ളതും, തുടർച്ചയായ ചികിത്സ ആവശ്യമുള്ളതുമായ അപേക്ഷയിൽ പ്രതിപാദിക്കുന്ന മാരക രോഗങ്ങളുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.<br>**<u>വിവാഹം:-</u>** ബോർഡിൽ രജിസ്റ്റർ ചെയ്ത മഹല്ലിലെ അംഗവും 50,000/- രൂപയിൽ താഴെ വരുമാനമുള്ളതും, 18 വയസ് പൂർത്തിയായതുമായ പെൺകുട്ടികളുടെ രക്ഷകർത്താക്കൾക്ക് നിക്കാഹ് കഴിഞ്ഞ് 30 ദിവസങ്ങൾക്കകം അപേക്ഷിക്കാവുന്നതാണ്.<br>**<u>അനാഥകുട്ടികൾക്കുള്ള സ്കോളർഷിപ്പ്:-</u>** വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത യത്തിംഖാനകളിലെ അന്തേവാസികളായ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന അന്തേവാസികൾക്ക് അപേക്ഷിക്കാവുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ധനസഹായങ്ങൾ വിതരണം ചെയ്ത കണക്കുകൾ വെളിപ്പെടുത്തുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റിൽ നിന്നും വിതരണം ചെയ്ത ധനസഹായങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. |

| | 2016-17 | 2017-18 | 2018-19 |
|---|---|---|---|
| ചികിത്സ | 62,10,000 | 1,24,75,000 | 40,50,000 |
| വിവാഹം | 16,34,761 | 24,29,522 | കൊടുത്തിട്ടില്ല |

| | | | |
|---|---|---|---|
| പെൻഷൻ | 41,04,909 | 66,46,276 | 50,02,143 |
| ഇസ്ലാമിക് ചെയർ | 1,00,000 | 2,00,000 | |
| മെയിന്റനൻസ് ഗ്രാന്റ് | 6,000 | | 12,000 |
| അനാഥകുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 70,000 | 1,00,000 | |

(സി) എന്നുവരെയുള്ള ധനസഹായങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്;

(സി) കേരള സ്റ്റേറ്റ് വഖഫ് ബോർഡിന് 2016-2017, 2017-2018, 2018-2019 വർഷത്തേയ്ക്ക് 4 കോടി 30 ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ വിതരണം ചെയ്ത ധനസഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം. | ചെലവഴിച്ച തുക | കാലയളവ് |
|---|---|---|---|
| 1 | പെൻഷൻ | 1,57,53,328 | 1-4-2016 മുതൽ 30-9-2018 വരെയുള്ള 837 പെൻഷൻകാർക്ക് 1,000/- രൂപ പ്രതിമാസ പെൻഷൻ |
| 2 | ചികിത്സ | 2,27,35,000 | 29-11-2013 മുതൽ 18-05-2017 വരെയുള്ള സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയ പൂർണ്ണമായ അപേക്ഷകൾ |
| 3 | വിവാഹം | 40,64,283 | 18-2-2012 മുതൽ 12-5-2016 വരെയുള്ള സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയ പൂർണ്ണമായ അപേക്ഷകൾ |
| 4 | ഇസ്ലാമിക് ചെയർ | 3,00,000 | 2016-17 മുതൽ 2017-18 വരെ |
| 5 | അനാഥകുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,70,000 | 2016-17 മുതൽ 2017-18 വരെ |
| 6 | മെയിന്റനൻസ് ഗ്രാന്റ് | 18,000 | 2016-17 ലും 2018-19 ലും മെയിന്റനൻസ് ഗ്രാന്റ് നൽകിയിട്ടുണ്ട്. 2017-18- ൽ ക്ലെയിമുകളൊന്നും ലഭിച്ചിട്ടില്ല. |

(ഡി) സമയബന്ധിതമായി അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനും ധനസഹായങ്ങൾ ഓരോന്നും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(ഡി) ഓരോ സാമ്പത്തിക വർഷവും സാമൂഹ്യ സുരക്ഷാ പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് ധനസഹായങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത്

**സെക്ഷൻ ഓഫീസർ**